LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി

108 (2557) ശ്രീ. ബിനോയ് വിശ്വം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാകൃതിക വനങ്ങളുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 1957-ലെ കണക്കുകൾ അനുസരിച്ചും 2003-ലെ കണക്കുകൾ അനുസരിച്ചും കേരളത്തിലെ മൊത്തം വിസ്തൃതിയുടെ എത്ര ശതമാനമാണ് സ്വാഭാവിക വനഭൂമി തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാന സർക്കാരിന്റെ ആസൂത്രണ വകുപ്പ് പ്രസിദ്ധീകരിക്കുന്ന സാമ്പത്തിക അവലോകനം അനുസരിച്ച് 1957 മുതൽ നാളിതുവരെ വനഭൂമിയുടെ വിസ്തൃതിയിൽ യാതൊരു മാറ്റവും കാണിച്ചിട്ടില്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കണക്കുകൾ ശരിയാണെങ്കിൽ 1957-നുശേഷം സർക്കാർ വനഭൂമിയുടെ വിസ്തൃതിയിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല എന്ന് കരുതുന്നുണ്ട് ;

(ഇ) 1957-ലേയും 2003-ലേയും സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി എത്ര വീതമാണെന്നും അത് മൊത്തം സംസ്ഥാനത്തിന്റെ വിസ്തൃതിയുടെ എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ പ്രാകൃതിക വനങ്ങളുടെ വിസ്തൃതി 7,70,000 ഹെക്ടറായി കണക്കാക്കിയിട്ടുണ്ട്.

(ബി) ലഭ്യമായ കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ മൊത്തം വിസ്തൃതിയുടെ 19.813 ശതമാനം സ്വാഭാവിക വനമുള്ളതായി കണക്കാക്കിയിരിക്കുന്നു.

(സി-ഇ) ഇക്കാര്യം പരിശോധിച്ച് അറിയിക്കുന്നതാണ്.

വനവിസ്തൃതി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

109 (2558) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളെ എത്ര വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട് ; ഓരോ വിഭാഗത്തിലും ഇപ്പോൾ എത്രവീതം വനപ്രദേശങ്ങളുണ്ട് ;

(ബി) സംസ്ഥാനത്തെ വനമേഖലകളെ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ ആരാണ് നിർണ്ണയിച്ചത് ; എപ്പോഴായിരുന്നു നിർണ്ണയം നടത്തിയത് ;

(സി) സംസ്ഥാനത്തെ വനങ്ങളെ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ പഠന റിപ്പോർട്ടിന്റെ ഒരു പ്രതി ലഭ്യമാക്കാമോ ;